പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1074 13-12-2012 – ൽ മറുപടിയ്ക്ക്

# ചാലക്കുടിയിൽ റീജണൽ സയൻസ് സെന്റർ സ്ഥാപിക്കാൻ നടപടി

ചോദ്യം
ശ്രീ.ബി.ഡി.ദേവസ്സി:

ഉത്തരം
പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) ചാലക്കുടി പി.എം.ജി കോളേജ് വക സ്ഥലത്ത് റീജണൽ സയൻസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | ചാലക്കുടി റീജണൽ സയൻസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം 2012 ഒക്ടോബർ മാസത്തിലാണ് ചാലക്കുടി തഹസിൽദാരിൽ നിന്നും ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായത്. ഇതിനെ തുടർന്ന് നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള പ്രാരംഭഘട്ടത്തിലാണ്. |
| ബി) പ്രസ്തുത സെന്ററിന്റെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും എന്നറിയിക്കാമോ? | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം എക്സിക്യൂട്ടീവ് കമ്മിറ്റി നിർദ്ദേശ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ ഹിന്ദുസ്ഥാൻ ലൈഫിനെ (HLL) ഏൽപിക്കുന്നതിന്റെ ഭാഗമായി മതിപ്പ് ചെലവ് സംബന്ധിച്ച് ഒത്തുതീർപ്പിലെത്തിയിട്ടുണ്ട്. ആയത് അടുത്ത കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി വയ്ക്കുന്നതും അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ